**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3362** **11-03-2025 - ൽ മറുപടിയ്ക്ക്**

**റദ്ദ് ചെയ്ത രവീന്ദ്രൻ പട്ടയങ്ങൾക്ക് പകരം പുതിയ പട്ടയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ റദ്ദ് ചെയ്ത രവീന്ദ്രൻ പട്ടയങ്ങൾക്ക് പകരം പുതിയ പട്ടയങ്ങൾ നൽകുന്നതിന് സമയം നിശ്ചയിച്ചിട്ടും ആയതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ; | (എ) | റദ്ദാക്കിയ പട്ടയങ്ങൾക്ക് പകരം പുതിയ പട്ടയങ്ങൾ ലഭിക്കുന്നതിന് സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ 141 അപേക്ഷകളിൽ ദേവികുളം താലൂക്ക് ഓഫീസ് മുഖേന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബഹു.ഹൈക്കോടതിയുടെ WP(C)1801/2010 നമ്പർ കേസിലെ 10.01.2024 ലെ സ്റ്റേ ഉത്തരവ് മൂലം 72 കേസുകളിൽ പതിവ് ലിസ്റ്റ് അംഗീകരിക്കുന്നതിന് കഴിഞ്ഞിട്ടില്ല. |
| (ബി) | റദ്ദ് ചെയ്ത പട്ടയങ്ങൾക്ക് പകരമായി പുതിയ പട്ടയങ്ങൾ ലഭിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും വിതരണം ചെയ്തത് എത്രയെന്നും വില്ലേജ് തിരിച്ച് അറിയിക്കാമോ; | (ബി) | ലഭിച്ച അപേക്ഷകളുടെ എണ്ണം വില്ലേജ് തിരിച്ച് ചുവടെ ചേർക്കുന്നു. |

| ക്രമ നം. | വില്ലേജ് | അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1 | കുഞ്ചിത്തണ്ണി | 159 |
| 2 | വെള്ളത്തൂവൽ | 33 |
| 3 | പള്ളിവാസൽ | 2 |
| 4 | മറയൂർ | 4 |
| 5 | കാന്തല്ലൂർ | 23 |
| 6 | കീഴാന്തൂർ | 11 |
| 7 | വട്ടവട | 41 |
| 8 | കൊട്ടക്കാമ്പൂർ | 32 |
| | ആകെ | 305 |

വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം വില്ലേജ് തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നം. | വില്ലേജ് | പട്ടയം നൽകിയ കേസുകളുടെ എണ്ണം |
|---|---|---|
| 1 | മറയൂർ | 3 |

| | | |
|---|---|---|
| 2 | കാന്തല്ലൂർ | 3 |
| 3 | കീഴാന്തൂർ | 4 |
| 4 | കുഞ്ചിത്തണ്ണി | 40 |
| 5 | വെള്ളത്തൂവൽ | 18 |
| 6 | പള്ളിവാസൽ | 1 |
| | ആകെ | 69 |

| | | | |
|---|---|---|---|
| (സി) | ഇതുമായി ബന്ധപ്പെട്ട് ബഹു. കോടതിയിൽ നിന്നും അനുകൂല ഉത്തരവ് ലഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (സി) | മൂന്നാർ മേഖലയിലെ കയ്യേറ്റങ്ങളുമായി ബന്ധപ്പെട്ട WP(C)1801/2010 നമ്പർ കേസിൽ 10.01.2024ലെ ഇടക്കാല വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതിൻമേൽ 15.07.2024 ൽ ചീഫ് സെക്രട്ടറി അഫിഡാവിറ്റ് സമർപ്പിച്ചിട്ടുണ്ട്. സ്റ്റേ വെക്കേറ്റ് ചെയ്തതായി തുടർ ഉത്തരവുകളൊന്നും ലഭിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനും പട്ടയ നടപടികൾ പൂർത്തിയാക്കുന്നതിനും ആവശ്യത്തിന് സർവ്വേയർമാരെ നിയോഗിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | രവീന്ദ്രൻ പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനും പട്ടയ നടപടികൾ പൂർത്തിയാക്കുന്നതിലേയ്ക്കുമായി നിലവിൽ താലൂക്ക് സർവ്വെയർമാർ മുഖേന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഇ) | നടപടികൾ പൂർത്തീകരിച്ച് പുതിയ പട്ടയ വിതരണം എന്ന് നടപ്പിലാക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ? | (ഇ) | ബഹു.ഹൈക്കോടതിയുടെ സ്റ്റേ ഒഴിവാകുന്ന മുറയ്ക്കേ ഇക്കാര്യത്തിൽ നടപടികൾ തുടരാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ